പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1890

17.12.2012-ൽ മറുപടിക്ക്

## മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ

ചോദ്യം | ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ. പി.ബി.അബ്ദുൾ റസാക് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ; | (എ) | മഞ്ചേശ്വരത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും കേന്ദ്ര സർക്കാർ സ്ഥാപനമായ CWPRS മാതൃകാ പഠനം നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി പഠനം നടത്തുകയും KCZMA-യിൽ നിന്നും EIA clearance ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ പ്രോജക്ട് എസ്റ്റിമേറ്റ് 2012 ഷെഡ്യൂൾ നിരക്കനുസരിച്ച് പുതുക്കി 6002 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ ചീഫ് എഞ്ചിനീയർ സമർപ്പിച്ചത് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി ഉടൻ സമർപ്പിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഹാർബർ എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | ടി പ്രോജക്ടിന് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ